"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കിൽ നിന്നും അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നേടി പ്രവർത്തിക്കുന്ന ശ്രീമതി സുപ്രിയ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ 1810/20 നമ്പർ കേസ്സിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.12.2020 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ.(സാധാ) നം.975/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/05/2021

---

പരാമർശം:- 1 സ.ഉ(സാധാ)നം.3/2017/ഉഭപവ തീയതി 25.02.2017

2 പഞ്ചായത്ത് ഡയറക്ടറുടെ 01.07.2020 ലെ PAN/14/2019/E13(DP) നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 23.07.2020 ലെ PAN/9150/2020/E1(DP) നമ്പർ കത്ത്.

4 ശ്രീമതി സുപ്രിയ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(1810/2020) നമ്പര കേസ്സിന്മേലുള്ള 03.12.2020 ലെ ഉത്തരവ്

5 പഞ്ചായത്ത് ഡയറക്ടറുടെ 21.12.2020 ലെ PAN/1472/2020/E1(DP) നമ്പർ കത്ത്.

6 പഞ്ചായത്ത് ഡയറക്ടറുടെ 26.01.2021 ലെ PAN/438/2021/E13(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കിൽ നിന്നും അക്കൗണ്ടന്റായി സ്ഥാനക്കയറ്റം നേടി പ്രവർത്തിക്കുന്ന ശ്രീമതി സുപ്രിയ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ 1810/20 നമ്പർ കേസ്സിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യണൽ പരാമർശം(4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടിയാളെ നേരിൽ കേട്ട് ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുണ്ടായി.

2. ഒഎ 1810/20 നമ്പർ കേസ്സിന്മേലുള്ള 03.12.2020 ലെ ഉത്തരവ് പാലിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകയെ നേരിൽ കേൾക്കുകയുണ്ടായി. നേർ വിചാരണ സമയത്ത് ടിയാൾ പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ് ആയി

സേവനമനുഷ്ഠിച്ച് വരികയാണെന്നും പരാമർശം (2) നടപടിക്രമത്തിൽ സ്ഥാനക്കയറ്റം ലഭിച്ചവരുടെ പട്ടികയിൽ എറണാകുളം ജില്ലയിൽ നിന്നും സീനിയർ ആയ വ്യക്തി ആയതുകൊണ്ട് എറണാകുളം ജില്ലയിൽ പിന്നീട് വരുന്ന ഒഴിവിൽ നിയമനം ലഭിക്കേണ്ടത് ടിയാൾക്കാണെന്നും എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ 29.07.2020 ന് ഉണ്ടായ ഒഴിവിൽ എറണാകുളം ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിലേക്ക് പരാമർശം (2) നടപടിക്രമത്തിൽ നിയമനം ലഭിച്ച ശ്രീമതി നിമ്മിജോബിനെ സീനിയോറിറ്റി മറികടന്നാണ് നിയമിക്കുകയുണ്ടായതെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടറിലേയ്ക്ക് നൽകരുത് എന്ന് നിർദ്ദേശിച്ചിരുന്നതിനാൽ ടിയാൾക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പാലക്കാട് ഡിഡിപി ഓഫീസിലേക്ക് തപാൽ മുഖാന്തിരം അയയ്ക്കാൻ മാത്രമേ സാധിച്ചുള്ളൂ എന്നും സ്വന്തം ജില്ലയ്ക്ക് പുറത്ത് നിയമനം ലഭിച്ച ഭൂരിഭാഗം പേർക്കും മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നൽകാൻ പോലും സാധിക്കാതെയിരിക്കെ മറ്റു ജില്ലയിലെ 3 അക്കൗണ്ടന്റുമാർക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിലെ രണ്ട് പേർക്ക് അവരുടെ അപേക്ഷ പ്രകാരം നിയമനം ലഭിച്ചതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും സ്ഥലംമാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കരുതെന്നുള്ള നിർദ്ദേശം മറികടന്ന് പ്രസ്തുത വ്യക്തികളുടെ അപേക്ഷ പരിഗണിക്കുകയും സ്ഥലംമാറ്റം നൽകുകയും ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത ഉത്തരവിൽ എറണാകുളം ജില്ലയിലെ മുടക്കുഴ പഞ്ചായത്തിൽ നിലവിൽ ഒഴിവ് ഉണ്ടായിട്ടും പ്രസ്തുത ഒഴിവിലേക്ക് സീനിയോറിറ്റി പ്രകാരവും കഴിഞ്ഞ ആറ് മാസമായി നട്ടുവേദനയ്ക്ക് ചികിത്സയിലിരിക്കുന്നതിനാൽ അനുകമ്പാർഹമായ കാരണത്താലും നിയമനം ലഭിക്കാൻ അർഹതയുള്ള തന്നെ ഒഴിവാക്കിയാണ് താരതമ്യേന ജൂനിയറായ നിമ്മിജോബിനെ മലപ്പുറം ജില്ലയിൽ നിന്ന് എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ പഞ്ചായത്തിലേക്കും അവിടെ നിന്ന് മുടക്കുഴ പഞ്ചായത്തിലേക്കും നിയമിച്ചിരിക്കുന്നത് എന്നും സീനിയറായ തനിക്ക് അപേക്ഷ പോലും നൽകാൻ സാധിക്കാതെ വന്നപ്പോഴും ജൂനിയറായ ശ്രീമതി നിമ്മിക്ക് ടിയാരിയുടെ അപേക്ഷ പ്രകാരം രണ്ട് പഞ്ചായത്തുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത് ക്രമവിരുദ്ധവും ചട്ടവിരുദ്ധവും ആയതിനാലാണ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതെന്നും ആയതിനാൽ എറണാകുളം ജില്ലയിലേക്ക് ക്രമവിരുദ്ധമായും, ഉത്തരവുകൾ മറികടന്ന് ചട്ടവിരുദ്ധമായും നടത്തിയ സ്ഥലംമാറ്റ ഉത്തരവുകൾ പുനഃപരിശോധിക്കണമെന്നും, ക്രമപ്രകാരം സ്ഥലംമാറ്റം ലഭിക്കാൻ അർഹതയുള്ള തനിക്ക്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്കിലെ വാളകം, കോതമംഗലം ബ്ലോക്കിലെ വാരപ്പെട്ടി, മൂവാറ്റുപുഴയ്ക്ക് സമീപത്തുള്ള ഇടുക്കി ജില്ലയിലെ ബോർഡർ പഞ്ചായത്തുകളായ കുമാരമംഗലം, മുട്ടം എന്നീ പഞ്ചായത്തുകളിലേക്കോ സ്ഥലംമാറ്റം നൽകണമെന്നും, സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സ്വീകരിക്കരുതെന്നുള്ള പരാമർശം (3) നിർദ്ദേശം പുനഃപരിശോധിക്കണമെന്നും ടിയാൾ അറിയിക്കുകയുണ്ടായി.

3. പഞ്ചായത്ത് വകുപ്പ് അവശ്യസർവ്വീസ് ആയി പ്രഖ്യാപിച്ച സാഹചര്യത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട്

സ്ഥലംമാറ്റ ഉത്തരവുകൾ നിൽകിയിട്ടും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കാത്തതിനാലാണ് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചിരുന്നത് എന്നും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്കായ നിമ്മി ജോബ് സീനിയർ ക്ലാർക്കായിരിക്കവെ 21.05.2010 ന് നൽകിയ അപേക്ഷയും അക്കൗണ്ടന്റായതിനു ശേഷം 03.07.2020 ന് നൽകിയ അപേക്ഷയും പരിഗണിച്ച് അനുകമ്പാർഹ പരിഗണന നൽകിയാണ് നിമ്മിജോബിന് എറണാകുളം മഞ്ഞല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകിയത് എന്നും 05.06.2020 ന് പ്രസിദ്ധപ്പെടുത്തിയിരുന്ന പൊതുസ്ഥലംമാറ്റ മുൻഗണനാപട്ടിക പ്രകാരം എറണാകുളം വാളകം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് സോയയുടെ ഓപ്ഷനുകളിൽ ഒന്നായ മഞ്ഞല്ലൂർ ഗ്രമാപഞ്ചായത്തിലേക്കാണ് നിമ്മി ജോബിന് സ്ഥലംമാറ്റം നൽകിയിരുന്നത് എന്നും എറണാകുളം മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ഒഴിവ് വന്നപ്പോൾ ക്യൂ ലിസ്റ്റ് പ്രകാരം മുൻഗണന നൽകി സോയയ്ക്ക് മഞ്ഞല്ലൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകുകയും നിമ്മിജോബിനെ മുടക്കുഴ ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിക്കുകയും ആണ് ഉണ്ടായത് എന്നും പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് ചൂണ്ടിക്കാട്ടിയാണ് സുപ്രിയ ഹർജി നൽ കിയിരിക്കുന്നത് എന്നും സുപ്രിയ 02.07.2020 ന് ജോലിയിൽ പ്രവേശിച്ചെങ്കിലും പരാതി നൽകുന്നത് വരെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സമർപ്പിച്ചിട്ടുള്ളതല്ല എന്ന വിവരവും പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. പരമാർശം (5) പ്രകാരം 2021 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും ശ്രീമതി.സുപ്രിയ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും പൊതുസ്ഥലമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കുന്നതാണ് എന്ന വിവരവും അറിയിക്കുകയുണ്ടായി.

4. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും അപേക്ഷകയെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീമതി.സുപ്രിയ 02.07.2020 ന് ജോലിയിൽ പ്രവേശിച്ചെങ്കിലും പരാതി നൽകുന്നത് വരെ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഉചിതമാർഗ്ഗേനയോ ഉചിത സമയത്തോ സമർപ്പിച്ചിട്ടില്ല പരാമർശം (5) കത്തിന്റെ അടിസ്ഥാനത്തിൽ 2021 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ശ്രീമതി സുപ്രിയ നൽകിയിട്ടുള്ള സാഹചര്യത്തിൽ കേരള നിയമ സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് Model Code of Conduct നിലവിൽ വന്ന വേളയിൽ ടി കാലയളവ് കഴിയുന്ന മുറയ്ക്ക് പരാമർശം (1) സർക്കാർ ഉത്തരവിലെ പൊതുസ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർ ശം ( 4 ) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ(1810/2020) നമ്പർ കേസ്സിന്മേലുള്ള 03.12.2020 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ശ്രീമതി.സുപ്രിയ, മണികണ്ഠ മന്ദിരം, വാഴപ്പിള്ളി, മുടവൂർ.പി.ഓ, മൂവാറ്റുപുഴ, എറണാകുളം, 686669

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, തരൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 200/ഇപിഎ1/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ